# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. **394** — **26/06/2014**-ലെ മറുപടിക്ക്

## <u>ഭൂനിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച കേന്ദ്ര സർക്കാർ നിർദ്ദേശം</u>

<u>ചോദ്യം</u>

ശ്രീ. കെ.എം. ഷാജി

ശ്രീ. സി. മോയിൻകുട്ടി

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. പി.കെ.ബഷീർ

<u>മറുപടി</u>

ശ്രീ.അടൂർപ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഭൂനിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് പുറപ്പെടുവിച്ച കരട് രേഖ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശം പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (ബി) & (സി) | പരിശോധിച്ചുവരുന്നു. കേരള ഭൂപരിഷ്കരണ നിയമം -1963 സെക്ഷൻ 82 പ്രകാരം, ഒരു അംഗം മാത്രമുള്ള കുടുംബത്തിന് പരമാവധി 7.5 ഏക്കർ ഭൂമിയും 5 അംഗങ്ങൾ വരെയുള്ള കുടുംബത്തിന് പരമാവധി 15 ഏക്കർ ഭൂമിയും 5 അംഗങ്ങളിൽ കൂടുതലുള്ള കുടുംബത്തിന് പരമാവധി 20 ഏക്കർ ഭൂമിയും കൈവശം വയ്ക്കാവുന്നതാണ്.<br><br>കെ.എൽ.ആർ. ആക്ട് സെക്ഷൻ 81 പ്രകാരം 01/04/1964 ന് മുമ്പ് നിലവിലുണ്ടായിരുന്ന കാപ്പി ഏലം, കൊക്കോ, റബ്ബർ, തേയില മുതലായ തോട്ടങ്ങൾക്ക് സീലിംഗ് പരിധിയിൽ നിന്നും ഇളവ് നൽകി വരുന്നു. (വിസ്തീർണ്ണം ബാധകമല്ല).<br><br>കെ.എൽ.ആർ.ആക്ട് സെക്ഷൻ 81 (3) പ്രകാരം, സർക്കാരിന്റെ വിവേചനാധികാരത്തിന്റെ അടിസ്ഥാന ത്തിൽ പൊതുതാല്പര്യം മുൻനിർത്തി വാണിജ്യം, |
| (സി) | നിലവിലെ ഭൂപരിഷ്കരണ നിയമ വ്യവസ്ഥകളിൽ നിന്നും ഈ നിർദ്ദേശങ്ങളിൽ എന്തൊക്കെ വ്യത്യാസങ്ങളുണ്ടെന്ന് പരിശോധി ച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | വ്യവസായം, വിദ്യാഭ്യാസം, മതം, ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവയുടെ ആവശ്യത്തിനായുള്ള ഭൂമിയെ സീലിംഗ് പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് വ്യവസ്ഥയുണ്ട്.<br><br>എന്നാൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ദേശീയ ഭൂപരിഷ്കരണ (കരട്) രേഖയിൽ വ്യക്തികൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമി, ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ 5-10 ഏക്കറിൽ കൂടുതലും ജലസേചന സൗകര്യം ഇല്ലാത്ത സ്ഥലങ്ങളാണെങ്കിൽ 10-15 ഏക്കറിൽ കൂടുതലുമാണെങ്കിൽ സംസ്ഥാനങ്ങൾ സീലിംഗ് പരിധി പുന:പരിശോധിക്കേണ്ടതാണെന്നും മത, വിദ്യാഭ്യാസ, ചാരിറ്റബിൾ, ഗവേഷണ- വ്യവസായ സ്ഥാപനങ്ങൾക്കും തോട്ടവിളകൾക്കും നൽകി വരുന്ന ഇളവ് തുടരേണ്ടതില്ലായെന്നും ആയതിലേക്കായി 15 ഏക്കർ ഭൂമിയിൽ കൂടുതൽ അനുവദിക്കേണ്ടതില്ലായെന്നും നിർദ്ദേശം ഉണ്ട്. സംസ്ഥാനങ്ങൾ ഏക ജാലക സംവിധാനം വഴി നിശ്ചിത സമയത്തിനുള്ളിൽ മിച്ചഭൂമി പുന:വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് കരട് രേഖയിൽ പരാമർശിക്കുന്നു. കൂടാതെ വസ്തുക്കൾ നടത്തിപ്പിനായോ പാട്ടം വ്യവസ്ഥയിലോ ഏറ്റെടുക്കുന്നവർക്കും സീലിംഗ് പരിധി ബാധകമാക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ